(ഡി, ഇ) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് (4 പൈലറ്റ് പ്രോജക്ടുകൾക്ക്) ചൈനയിൽനിന്നും സാങ്കേതിക സഹകരണം ലഭിച്ചിട്ടുണ്ട്.

സംസ്ഥാന വിദ്യുച്ഛക്തി നിയന്ത്രണ അതോറിറ്റിയിലെ അംഗങ്ങൾ

10 [3147] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി നിയന്ത്രണ അതോറിറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്നും അവർ ആരെല്ലാമാണെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യതകളെന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അംഗങ്ങൾക്ക് പ്രതിമാസം എത്ര തുക ശമ്പളവും അലവൻസുമായി നൽകുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ അംഗമായിരിക്കെ ശമ്പളവും അലവൻസും ലഭിക്കുന്ന മറ്റു ജോലികളിൽ ഏർപ്പെടുന്നത് നിയമ വിധേയമാണോ;

(ഡി) ഇപ്പോഴത്തെ ഒരംഗം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള ഒരു സ്ഥാപനത്തിലെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി തുടരുന്നുവെന്ന റിപ്പോർട്ട് വാസ്തവമാണോ; എങ്കിൽ അത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാനും രണ്ട് അംഗങ്ങളുമാണുള്ളത്. കമ്മീഷന്റെ ചെയർമാനായി ശ്രീ. എം. കെ. ജി. പിള്ളയും മെമ്പറായി ശ്രീ. സി. ബാലകൃഷ്ണനും 29-11-2002-ൽ ചുമതലയേറ്റു. മറ്റൊരു അംഗമായി ശ്രീ. രാജ്മോഹനെ നിയമിച്ചെങ്കിലും ചുമതലയേറ്റില്ല. ചെയർമാന്റെയും മെമ്പറുടെയും വിദ്യാഭ്യാസ യോഗ്യത താഴെ ചേർക്കുന്നു:

ചെയർമാൻ

1. കേരള സർവ്വകലാശാലയിൽ നിന്നും ഒന്നാം ക്ലാസിൽ ഡിസ്റ്റിംഗ്ഷനോടുകൂടി ബി.എസ്സി. (എൻജി.) ബിരുദം.
2. റൂർക്കി സർവ്വകലാശാലയിൽനിന്നും ഒന്നാം ക്ലാസിൽ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റിൽ (ഇലക്ട്രിക്കൽ) ബിരുദാനന്തര ഡിപ്ലോമ.
3. റൂർക്കി സർവ്വകലാശാലയിൽനിന്നും ഒന്നാം ക്ലാസിൽ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റിൽ (ഇലക്ട്രിക്കൽ) എം. ഇ. ബിരുദം.

മെമ്പർ

ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബി.എസ്സി. ബിരുദം.

(ബി) 16-1-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 1/2002/പി.ഡി. പ്രകാരം ചെയർമാന്റെ അടിസ്ഥാന ശമ്പളം 26,000 രൂപയും മെമ്പറുടെ അടിസ്ഥാന ശമ്പളം 24,500 രൂപയുമാണ്. കൂടാതെ അഖിലേന്ത്യ സർവ്വിസ് ഉദ്യോഗസ്ഥർക്ക് അർഹമായ ക്ഷാമബത്ത, വീട്ടു വാടക, യാത്രാബത്ത, സി.സി.എ. തുടങ്ങിയ മറ്റു അലവൻസുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അർഹതയുണ്ട്. എന്നാൽ ചെയർമാനും മെമ്പർക്കും ലഭിക്കുന്ന അടിസ്ഥാന പെൻഷൻ തുക ശമ്പളത്തിൽനിന്നും കുറവു ചെയ്യുന്നു. പ്രതിമാസം 32,130 രൂപ ചെയർമാനും 32,743 രൂപ മെമ്പർക്കും ശമ്പളവും അലവൻസുമായി നൽകുന്നു.

(സി) നിയമ വിധേയമല്ല.

(ഡി) വാസ്തവമല്ല.

കെ.എസ്.ഇ.ബി.-യെ ലാഭകരമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ

11 [3148] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ഇ. ബി.-യെ ലാഭകരമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) താപവൈദ്യുത നിലയങ്ങളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിമാസം ഉപയോഗിക്കുന്നത്; ഇതിന് പ്രതിമാസം എന്തു തുക ചെലവാകും;

(സി) വൈദ്യുതി പ്രസരണ നഷ്ടംമൂലം ബോർഡിന് പ്രതിമാസം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഭരണ പൊതുചെലവുകൾ 15% കുറയ്ക്കാൻ തീരുമാനിച്ചു.
2. എൻ.ടി.പി.സി. കായംകുളത്തെ ഒരു റീജിയണൽ പവർ സ്റ്റേഷൻ ആക്കിയതുമൂലം ആ സ്ഥാപനത്തിന് കൊടുക്കുവാനുള്ള ഫിക്സഡ് ചാർജ് തുകയിൽ പ്രതിമാസം ഏകദേശം 10.50 കോടി രൂപയുടെ കുറവുണ്ടായി.
3. കായംകുളം താപ വൈദ്യുത നിലയത്തിലേക്ക് ആവശ്യമായ നാഫ്തയുടെ വിൽപ്പന നികുതി 1-11-2002 മുതൽ കേരള സർക്കാർ ഒഴിവാക്കിയതുമൂലം അവിടെനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ യൂണിറ്റിന് ഏകദേശം '11' പൈസയോളം കുറവുണ്ടായി.
4. കായംകുളം താപ വൈദ്യുത നിലയത്തിലേക്കാവശ്യമായ നാഫ്തയുടെ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതുമൂലം ടി നിലയത്തിൽനിന്നും വാങ്ങുന്ന വൈദ്യുതി വിലയിൽ പ്രതിമാസം ഏകദേശം 8 കോടി രൂപയുടെ കുറവുണ്ടായി.
5. പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും കൂടിയ പലിശ നിരക്കിൽ എടുത്തിരുന്ന കടം പുനഃക്രമീകരിച്ചതു മുഖാന്തിരം (സ്വാപ്പിംഗ്) പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ കുറവുണ്ടായി.
6. കോഴിക്കോട് താപ വൈദ്യുത നിലയ നിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽനിന്നും എടുത്തിരുന്ന 125 കോടി രൂപയുടെ വായ്പ പുനഃക്രമീകരിക്കുക വഴി പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം 1.1 കോടി രൂപയുടെ കുറവുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly